# കോവിഡ്– 19

## ക്വാറന്റയ്ൻ,പ്രതിരോധം, പരിശോധന, മറ്റു നടപടികൾ

### ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളുംഅറിയേണ്ട കാര്യങ്ങൾ

(കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ളമാർഗനിർദേശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

## I. സമ്പർക്കം

### 1. സമ്പർക്കം എന്നാൽ എന്താണ്?

വൈറസ് ബാധിതന് ലക്ഷണങ്ങൾ പ്രകടമാകുന്നതിന് 2 ദിവസം മുൻപു മുതൽ ലക്ഷണങ്ങൾ കണ്ടു തുടങ്ങി 14-ാം ദിവസം വരെയുള്ള ഘട്ടത്തിൽ താഴെപ്പറയുന്ന എതെങ്കിലും വിധത്തിലുണ്ടാകുന്ന ബന്ധമാണ് സമ്പർക്കമായി പരിഗണിക്കുക.(രോഗലക്ഷണമില്ലാതെ അണുബാധ സ്ഥിരീകരിച്ചവരുടെ സമ്പർക്കം നിശ്ചയിക്കുന്നതിന് സ്രവം ശേഖരിക്കുന്നതിന് രണ്ടു ദിവസം മുൻപു മുതലുള്ള ദിവസങ്ങളാണ് പരിഗണിക്കേണ്ടത്).

### 2. ഹൈ റിസ്ക് പ്രൈമറി കോൺടാക്ടുകൾ ആരൊക്കെ?

- ഒരു മീറ്ററിനുള്ളിൽ കുറഞ്ഞത് 15 മിനിറ്റ് സമയം വൈറസ് ബാധിതനോടൊപ്പം ചെലവഴിച്ചവർ
- വൈറസ് ബാധിതനുമായി നേരിട്ട് ശാരീരിക ബന്ധം പുലർത്തിയവർ
- വൈറസ് ബാധിതനുമായി ഒന്നിച്ച് മുറിയോ ഭക്ഷണമോ പങ്കുവെച്ചവർ
- നിർദേശിക്കപ്പെട്ടിട്ടുള്ളവ്യക്തിഗത സംരക്ഷണ ഉപാധികൾ ശരിയായി ധരിക്കാതെ വൈറസ് ബാധിതരെ പരിചരിക്കുകയോ, സ്രവം ശേഖരിക്കുകയോ, സ്രവം കൈകാര്യം ചെയ്യുകയോ, തൊണ്ട തുറന്നുള്ള ആരോഗ്യ പരിശോധനയോ, പരിചരണമോ നടത്തുകയോ ചെയതവർ
- വൈറസ് ബാധിതർ ഉപയോഗിച്ച ഉപകരണങ്ങൾ, പാത്രങ്ങൾ, തുണികൾ തുടങ്ങിയവ മാസ്കോ കയ്യുറയോ ഉപയോഗിക്കാതെ കൈകാര്യം ചെയ്തവർ

### 3. സെക്കൻഡറി കോൺടാക്ടുകൾ എന്നാൽ ആര് ?

ഹൈറിസ്ക് പ്രൈമറി കോൺടാക്ടുകളായ ആളുകളുമായി മുകളിൽ പറഞ്ഞവയിൽ ഏതെങ്കിലും വിധത്തിൽ ബന്ധം പുലർത്തിയവർ.

## II. ക്വാറന്റയ്ൻ/ ചികിത്സ

### 4. ക്വാറന്റയ്നിൽ കഴിയേണ്ടത് ആര്?

മേൽപറഞ്ഞ ഹൈറിസ്ക് പ്രൈമറി കോൺടാക്ടുകൾ,

മറ്റുസംസ്ഥാനങ്ങളിൽ എത്തുമ്പോൾ രണ്ടുഡോസ് വാക്സിൻ സ്വീകരിച്ചിട്ടില്ലാതിരിക്കുകയോ, 72 മണിക്കൂറിനുള്ളിലുള്ള ആർടിപിസിആർ പരിശോധന നടത്തി നെഗറ്റിവ് ഫലം കൈവശമില്ലാത്തവർ

വിദേശത്തുന്ന് എത്തുമ്പോൾ നടത്തുന്ന ആർടിപിസിആർ പരിശോധന നെഗറ്റിവ് ഫലം ലഭിക്കുന്നതിവരെ.

### 5. സെക്കൻഡറി കോൺടാക്ടുകൾക്ക് ക്വാറന്റയ്ൻ വേണ്ടതുണ്ടോ?

ആവശ്യമില്ല; എന്നാൽ രോഗലക്ഷണങ്ങൾ ഉണ്ടായാൽ പ്രദേശത്തെ സർക്കാർ ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട് കോവിഡ് പരിശോധന നടത്തണം. ഇവർ 14 ദിവസം അനാവശ്യയാത്രകൾ ഒഴിവാക്കുകയും മറ്റുള്ളവരുമായി കുറഞ്ഞത് രണ്ടു മീറ്റർ അകലം പാലിക്കുകയും മാസ്ക് ധരിക്കുകയും പൊതുവേദികളും ചടങ്ങുകളും ഉൾപ്പെടെയുള്ള സാമൂഹിക സമ്പർക്ക സാധ്യതകൾ ഒഴിവാക്കുകയും ചെയ്യണം.

## 6. ക്വാറന്റയ്ൻ എത്ര ദിവസം?

രോഗം സ്ഥിരീകരിച്ചവരുമായി സമ്പർക്കം പുലർത്തിയവർ (ഹൈറിസ്ക് പ്രൈമറി കോൺടാക്ടുകൾ) 7 ദിവസം വീട്ടിൽ ക്വാറന്റയ്നിൽ കഴിയണം. ഏഴ് ദിവസത്തിന് ശേഷം ആർടിപിസിആർ പരിശോധന നടത്തണം. പരിശോധന നെഗറ്റീവ് ആണെങ്കിൽ ക്വാറന്റയ്ൻ തുടരേണ്ടതില്ല. എന്നാൽ പരിശോധന നടത്തുന്നില്ലെങ്കിൽ പതിനാലു ദിവസം ക്വാറന്റയ്ൻ പൂർത്തിയാക്കണം.

## 7. ക്വാറന്റയ്നിൽ കഴിയുന്നവരെ എപ്പോഴാണ് പരിശോധനയ്ക്ക് വിധേയരാക്കേത്?

- ക്വാറന്റയ്ൻ കാലയളവിൽ രോഗലക്ഷണങ്ങൾ പ്രകടമായാൽ ഉടൻ
- ഏഴ് ദിവസത്തിന് ശേഷം ആർടിപിസിആർ പരിശോധന നടത്തണം.

## 8. കോവിഡ് ചികിത്സാ കാലാവധി കഴിഞ്ഞും നിരീക്ഷണം ആവശ്യമുണ്ടോ, ഉണ്ടെങ്കിൽ ആർക്കൊക്കെ, എത്രദിവസം?

വീട്ടിൽ ചികിത്സയിൽ കഴിയുന്നവരും ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടവരും ടെസ്റ്റ് പോസിറ്റിവ് ആയത് മുതൽ അല്ലെങ്കിൽ രോഗലക്ഷണം പ്രകടമായതു മുതൽ 10 ദിവസം പൊതുസമ്പർക്കം ഒഴിവാക്കി വീട്ടിൽ കഴിയണം. ഈ കാലയളവിനുള്ളിൽ എപ്പോഴെങ്കിലും രോഗലക്ഷണങ്ങളുണ്ടായാൽ ലക്ഷണങ്ങൾ മാറിക്കഴിഞ്ഞ് കുറഞ്ഞത് 3 ദിവസം കൂടിയെങ്കിലും ക്വാറന്റയ്നിൽ കഴിയണം. ഇങ്ങനെ വീട്ടിൽ ചികിത്സയിൽ കഴിയുന്നവർ 10 ദിവസത്തിന് ശേഷം നെഗറ്റിവ് ആണെന്ന് ഉറപ്പാക്കാൻ വീണ്ടും പരിശോധന നടത്തേണ്ട ആവശ്യമില്ല.

## 9. ക്വാറന്റയ്ൻ ആവശ്യമില്ലാത്തത്ത് ആർക്കൊക്കെ?

- മറ്റുസംസ്ഥാനങ്ങളിൽ നിന്ന് രണ്ടു ഡോസ് വാക്സിൻ സ്വീകരിക്കാതെ എത്തി ആർടിപിസിആർ പരിശോധന നടത്തി നെഗറ്റിവ് ഫലം ലഭിക്കാത്തവരും ഹൈ റിസ്ക് പ്രൈമറി കോൺടാക്ടുകളും ഒഴികെ ആർക്കും ക്വാറന്റയ്ൻ ആവശ്യമില്ല;
- രോഗം സ്ഥിരീകരിച്ചവരുടെ സെക്കണ്ടറി കോണ്ടാക്ടുകൾ,
- രോഗം സ്ഥിരീകരിച്ച് 10 ദിവസം കഴിഞ്ഞവർ,
- സംസ്ഥാനത്തിന് പുറത്തുനിന്ന് എത്തുമ്പോൾ രണ്ടു ഡോസ് വാക്സിൻ സ്വീകരിക്കുകയോ 72 മണിക്കൂറിനുള്ളിലെ ആർ.ടി.പി.സി.ആർ നെഗറ്റിവ് സർട്ടിഫിക്കറ്റ് കൈവശമുള്ളവർ,
- വിദേശത്തുന്ന് എത്തുമ്പോൾ നടത്തുന്ന ആർടിപിസിആർ പരിശോധന നെഗറ്റിവ് ഫലം ലഭിച്ചവർ

എന്നിവർ ക്വാറന്റയിനിൽ കഴിയേണ്ടതില്ല.

## 10. ക്വാറന്റയ്നിൽ കഴിയുമ്പോഴും വീട്ടിൽ കോവിഡ് ചികിത്സയിൽ കഴിയുമ്പോഴും രോഗലക്ഷണങ്ങൾ പ്രകടമാകുമ്പോഴോ മറ്റ് അടിയന്തിര സാഹചര്യങ്ങളിലോ ആംബുലൻസ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭിക്കുന്നത് എങ്ങനെ?

ഇത്തരം സാഹചര്യങ്ങളിൽ അതത് പ്രദേശങ്ങളിലെ ആർ.ആർ.ടിയെയോ, ആരോഗ്യ പ്രവർത്തകരെയോ സർക്കാർ ആരോഗ്യകേന്ദ്രത്തിലോ ഉടൻ ബന്ധപ്പെടണം. വേണ്ട സഹായങ്ങൾ, ചികിത്സാനിർദേശങ്ങൾ, ആശുപത്രിയിൽ എത്തേണ്ടതു സംബന്ധിച്ച മാർഗനിർദേശങ്ങൾ എന്നിവ അവരിൽ നിന്ന് ലഭിക്കും. മുൻകൂട്ടി അറിയിച്ച് കിടക്ക ഉറപ്പാക്കിയ ശേഷം മാത്രം ആശുപത്രിയിലേക്ക് തിരിക്കുക. സ്വകാര്യ ആശുപത്രിയിലും ഇത് ബാധകമാണ്.

## 11. വിദേശത്തുനിന്നോ മറ്റു സംസ്ഥാനങ്ങളിൽനിന്നോ എത്തുന്നവർ സ്വീകരിക്കേണ്ട നടപടികൾ എന്തല്ലാം?

വിദേശത്തുനിന്ന് കേരളത്തിലേക്ക് വരുന്നവർ എന്ന airsuvidha എന്ന പോർട്ടലിലും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്നവർ www.covid19jagratha.kerala.nic.in എന്ന പോർട്ടലിലും രജിസ്റ്റർ ചെയ്യണം.

രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ചതിന്റെയോ 72 മണിക്കൂറിനകം നടത്തിയ ആർടിപിസിആർ പരിശോധന നെഗറ്റിവ് സർട്ടിഫിക്കറ്റ് കൈയിൽ കരുതണം. രണ്ടു വയസിനു താഴെയുള്ളകുട്ടിക്ക് ഒപ്പമുള്ള അമ്മയുടെ വാക്സിൻ അഥവാ ആർ.ടി.പി.സി.ആർ നെഗറ്റിവ് സർട്ടിഫിക്കറ്റ് ആകും പരിഗണിക്കുക. രണ്ടു വയസിനു മുകളിലുള്ളകുട്ടിക്ക് പ്രത്യേകം ആർ.ടി.പി.സി.ആർ നെഗറ്റിവ് സർട്ടിഫിക്കറ്റ് വേണ്ടിവരും

12. ക്വാറന്റയ്ൻ റിലീസ്/ കോവിഡ് നെഗറ്റിവ് സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണം?

ക്വാറന്റയ്ൻ അവസാനിപ്പിച്ചതായുള്ള സർട്ടിഫിക്കറ്റ് ലഭിക്കാൻ പ്രദേശത്തെ ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടുക. അവിടെ നിന്നും ലഭിക്കുന്ന നിശ്ചിത ഫോമിൽ അപേക്ഷ കൊടുത്താൽ മതിയാകും. കോവിഡ് നെഗറ്റിവ് സർട്ടിഫിക്കറ്റ് ലഭിക്കാൻ പരിശോധന നടത്തിയ സ്ഥാപനവുമായി ബന്ധപ്പെടുക.

13. കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിൽ പോകാൻ പ്രത്യേക അനുമതി ആവശ്യമുണ്ടോ?

മറ്റ് സംസ്ഥാനങ്ങളിൽ പോകുമ്പോൾ അതത് സംസ്ഥാനത്തിന്റെ അനുമതിയാണ് ആവശ്യമായി വരിക. കേരളത്തിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

## III. കണ്ടെയ്ന്റ്മെന്റ്

### 14. കണ്ടെയ്ന്റ്മെന്റ് സോണുകൾ നിശ്ചയിക്കുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ എന്തൊക്കെ?

പ്രതിവാര രോഗവ്യാപന നിരക്ക് ആയിരം ജനസംഖ്യക്ക് 7ൽ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തും

### 15. കണ്ടെയ്ൻമെന്റ് സോൺ നിയന്ത്രണം ഒഴിവാക്കുന്നത് എപ്പോൾ?

കണ്ടെയ്ൻമെന്റ് പ്രഖ്യാപിച്ച ഒരുപ്രദേശത്ത് നേരത്തെ രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്ക പട്ടികയിലുള്ളവർക്കു പുറമെ രോഗം സ്ഥിരീകരിക്കാതിരിക്കുകയും പ്രദേശത്തെ എല്ലാ പ്രൈമറി കോണ്ടാക്ടുകളുടെയും സ്രവ പരിശോധന പൂർത്തിയാക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് നിയന്ത്രണം ഒഴിവാക്കുക.

### 16. കണ്ടെയൻമെന്റ് സോണുകളിലുള്ളവർക്ക് പുറത്ത് ജോലിക്കു പോകാമോ?

അവശ്യസേവന വിഭാഗങ്ങൾക്കും മറ്റ് സർക്കാർ ജീവനക്കാരിൽ ഓഫീസ് മേധാവി അവശ്യപ്പെടുന്നവർക്കും ഒഴികെ ആർക്കും പുറത്തേക്കും തിരികെയും പോകാൻ അനുമതിയില്ല.

## IV. പരിശോധന

17. ജില്ലയിലെ കോവിഡ് പരിശോധനകൾ എന്തെല്ലാം, ആരെയൊക്കെയാണ് പരിശോധനയ്ക്ക് വിധേയരാകേണ്ടത്, എവിടെ പരിശോധന ലഭ്യമാകും?

ആർ.ടി.പി.സി.ആർ ആണ് ഇപ്പോൾ ലഭ്യമായതിൽ ഏറ്റവും കൃത്യമായ പരിശോധന. സാമ്പിൾ പ്രാദേശികമായി പരിശോധിക്കാൻ കഴിയാത്തതിനാൽ കുറഞ്ഞത് ഒരു ദിവസമെങ്കിലും താമസമുണ്ടാകും. മറ്റു ദ്രുതപരിശോധനകളെ അപേക്ഷിച്ച് ചെലവും കൂടുതലാണ്.

ശ്വസകോശ സംബന്ധമായ ഗുരുതര രോഗങ്ങളുള്ളവർ, രോഗം സ്ഥിരീകരിച്ചവരുടെ രോഗലക്ഷണങ്ങളുള്ള പ്രൈമറി കോണ്ടാക്ടുകൾ, വിദേശത്തുനിന്നോ സംസ്ഥാനത്തിനു പുറത്തുനിന്നോ എത്തുമ്പോഴോ എത്തിയ ശേഷം ക്വാറന്റയ്നിൽ കഴിയവേയോ രോഗലക്ഷണങ്ങൾ പ്രകടമായവർ, രോഗ ലക്ഷണമുള്ള ആരോഗ്യ പ്രവർത്തകർ, കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ, വോളണ്ടിയർമാർ എന്നിവർക്കാണ് ആർ.ടി.പി.സി.ആർ പരിശോധന നടത്തേണ്ടത്. മൃതദേഹത്തിൽനിന്ന് ശേഖരിക്കുന്ന സാമ്പിളുകളുടെ ദ്രുതപരിശോധനാ ഫലം പോസിറ്റീവായാൽ തുടർന്ന് ആർ.ടി.പി.സി.ആർ പരിശോധന നടത്തേണ്ടതുണ്ട്. ആർ.ടി.പി.സി.ആർ പരിശോധനക്കുള്ള സ്രവം എല്ലാ സർക്കാർ ആശുപത്രികളിലും ശേഖരിക്കുന്നതാണ്. മുകളിൽ പരാമർശിക്കപ്പെട്ട വിഭാഗങ്ങളിലുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ പരിശോധന സൗജന്യമാണ്.

ട്രൂനാറ്റ് പരിശോധന ദ്രുത ആന്റിജൻ പരിശോധനയെക്കാൾ കൃത്യവും ആർ.ടി.പി.സി ആറിനെക്കാൾ വേഗത്തിൽ ഫലം ലഭിക്കുന്നതുമാണ്. ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് മുൻപും മറ്റു പ്രത്യേക ശസ്ത്രക്രിയകൾക്ക് മുൻപും ക്രിമിനൽ കേസുകളിൽ പോലീസ് കസ്റ്റഡിയിൽ എടുക്കുന്നവർക്കും കോവിഡ് ബാധയില്ല എന്ന് ഉറപ്പുവരുത്താനാണ് ഈ പരിശോധന നടത്തിവരുന്നത്. മൃതദേഹത്തിന്റെ ആദ്യ കോവിഡ് പരിശോധനയ്ക്കും ട്രൂനാറ്റ് പരിശോധനയാണ് നടത്തുന്നത്. ട്രൂനാറ്റ് പരിശോധനക്കുള്ള സ്രവം എല്ലാ സർക്കാർ ആശുപത്രികളിലും ശേഖരിക്കുന്നതാണ്. എല്ലാ സർക്കാർ ആശുപത്രികളിലും പരിശോധന സൗജന്യമാണ്. പ്രധാന സ്വകാര്യ ആശുപത്രികളിലും 2100 രൂപ നിരക്കിൽ പരിശോധന ലഭ്യമാണ്.

മറ്റെല്ലാ വിഭാഗങ്ങളിലുമുള്ള ആളുകൾക്കും, ഇതര സാഹചര്യങ്ങളിലും റാപിഡ് ആന്റിജൻ പരിശോധന നടത്തിയാൽ മതിയാകും. ദ്രുത ആന്റിജൻ പരിശോധന ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമാണ്. സ്വകാര്യ ആശുപത്രികളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുപ്രകാരംപരിശോധന നടത്താം.

## V. ചികിത്സ

### 18. കോവിഡ് ബാധിതർക്കായി വിവിധ തലങ്ങളിലുള്ള ചികിത്സാകേന്ദ്രങ്ങൾ എന്തെല്ലാം?

രോഗലക്ഷണങ്ങൾ, കടുത്ത പ്രമേഹം, രക്താദിമർദ്ദം എന്നിവ ഇല്ലാത്ത 60 വയസിന് താഴെ പ്രായമുള്ളവർക്ക് വീട്ടിൽ മതിയായ സൗകര്യങ്ങളുണ്ടെങ്കിൽ ആരോഗ്യ പ്രവർത്തകരുടെ അനുമതി പ്രകാരം വീട്ടിൽ തന്നെ ചികിത്സയിൽ കഴിയാം (ഹോം ഐസൊലേഷൻ). വീട്ടിൽ പ്രത്യേക മുറി, ശുചിമുറി എന്നിവയും പരിചരിക്കാൻ 18 വയസിനും 60 വയസിനും ഇടയിലുള്ള ആരോഗ്യമുള്ള ഒരാളെങ്കിലും ഉണ്ടായിരിക്കുകയും വേണം. 12 വയസിന് താഴെയുള്ള കുട്ടിക്ക് രോഗം ബാധിച്ചാൽ വീട്ടിൽ മുറിയിൽ ഒരാൾക്ക് കൂടി താമസിക്കാം, വീട്ടിൽ മൂന്നാമതൊരാൾ കൂടി പരിചരിക്കാനുണ്ടാകണം

വീട്ടിൽ ചികിത്സയിൽ കഴിയുന്നരെ എല്ലാ ദിവസവും സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ നിന്ന് ബന്ധപ്പെട്ട് ചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇവർക്ക് ഇ-സഞ്ജീവനി പോർട്ടൽ വഴിയും ടെലികൺസൾട്ടേഷൻ മുഖേനയും ഡോക്ടറുമായി ബന്ധപ്പെടാനും ചികിത്സാ നിർദ്ദേശങ്ങൾ തേടാനും സാധിക്കും. രോഗലക്ഷണങ്ങളോ അസ്വസ്ഥതകളോ ഉണ്ടായാൽ ആവശ്യമെങ്കിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സാകേന്ദ്രത്തിലേക്കു മാറ്റാൻ നടപടിയെടുക്കും.

www.esanjeevaniopd.in എന്ന ഓൺലൈൻ സൈറ്റ് വഴിയോ ഇ-സഞ്ജീവനി മൊബൈൽ ആപ്ലിക്കേഷൻ വഴിയോ മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈലോ അല്ലെങ്കിൽ ടാബ് ഉണ്ടെങ്കിൽ www.esanjeevani.in എന്ന സൈറ്റിൽ പ്രവേശിക്കാം. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഉപയോഗിച്ച് പ്രവേശിക്കുമ്പോൾ ലഭിക്കുന്ന ഓ.ടി.പി നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം പേഷ്യന്റ് ക്യുവിൽ പ്രവേശിക്കുക. തുടർന്ന് ഡോക്ടറുമായി സംസാരിച്ച് ചികിത്സാ വിധികൾ സ്വീകരിക്കുക.

വീട്ടിൽ ചികിത്സയിൽ കഴിയാൻ മതിയായ സൗകര്യങ്ങൾ ഇല്ലാത്തവർക്ക് തദ്ദേശ സ്ഥാപന പ്രദേശത്ത് തന്നെയുള്ള ഗാർഹിക പീരിചരണ കേന്ദ്രത്തിൽ ചികിത്സ ലഭ്യമാക്കും.

അനിയന്ത്രിതമായ പ്രമേഹം, രക്താദിമർദ്ദം എന്നിവയുള്ളർക്കും 60 വയസിനു മുകളിൽ പ്രായമുള്ളവർക്കും രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും ബ്ലോക്കിലെ പ്രാഥമിക കോവിഡ് ചികിത്സാകേന്ദ്രത്തിലാണ് ചികിത്സ ലഭ്യമാകുക.

തീവ്ര രോഗലക്ഷണങ്ങളുള്ളവർ, അനിയന്ത്രിത പ്രമേഹവും രക്താദിമർദ്ദവും ഉള്ളവർ, 60 വയസിനു മുകളിലുള്ളവർ, വൃക്ക രോഗം, ഹൃദ്രോഗം, കാൻസർ എന്നിവക്ക് ചികിത്സയിലുള്ളവർ എന്നിവർക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരം താലൂക്കിലെ സെക്കന്റ്ലൈൻ കോവിഡ് ചികിത്സാകേന്ദ്രത്തിൽ ചികിത്സ ലഭ്യമാക്കുന്നതാണ്.

തീവ്രമായ കോവിഡ് ബാധമൂലം ഗുരുതര സ്ഥിതിയിൽ വെന്റിലേറ്ററിലോ ഐ.സി.യുവിലോ ചികിത്സ വേണമെന്ന് ഡോക്ടർ നിർദ്ദേശിച്ചവർക്ക് കോവിഡ് ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സ ലഭ്യമാക്കുന്നതാണ്. ആശുപത്രികളിലെ പ്രവേശനം പ്രദേശത്തെ മെഡിക്കൽ ഓഫീസറുടെയോ, ചികിത്സയിലിരിക്കുന്ന സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറുടെയോ നിർദ്ദശപ്രകാരമായിരിക്കും

### 19. കോവിഡ് ചികിത്സ കേന്ദ്രങ്ങളിലും ആംബുലൻസുകളിലും രോഗിയോടൊപ്പം കൂട്ടിരിപ്പുകാരെ അനുവദിക്കുമോ?

ആവശ്യമായ സാഹചര്യങ്ങളിൽ മാത്രം കൂട്ടിരിപ്പിന് ആരോഗ്യമുള്ള മറ്റു രോഗങ്ങളൊന്നും ഇല്ലാത്ത ഒരാളെ അനുവദിക്കുന്നതാണ്. ആംബുലൻസിൽ കൂട്ടിരുപ്പുകാരായി പോകുന്നവർ രോഗപ്രതിരോധ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കണം.

## 20. കോവിഡ് ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി സ്വന്തം വാഹനത്തിൽ എത്താൻ സാധിക്കുമോ?

വാഹനത്തിൽ എത്താൻ അനുവദിക്കും. ചികിത്സാ കാലയളവിൽ വാഹനം ചികിത്സാ കേന്ദ്രത്തിൽ പാർക്ക് ചെയ്യാൻ അനുവദിക്കില്ല.

## 21. മരണം സംഭവിച്ച ശേഷം ശരീരം ആശുപത്രിയിലെത്തിക്കുമ്പോൾ ആശുപത്രി അധികൃതർ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം?

- പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം വിവരം അറിയിക്കുക
- ശരീരത്തിൽ നിന്ന് മൂന്ന് സ്രവസാമ്പിളുകൾ ശേഖരിക്കുക
- പോസ്റ്റ്മോർട്ടം ആവശ്യമില്ല എന്ന് പോലീസിൽനിന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചശേഷം കോവിഡ് മാനദണ്ഡ പ്രകാരം മൃതദേഹം സംസ്കരിക്കാൻ വിട്ടുനൽകാവുന്നതാണ്. കോവിഡ് മാനദണ്ഡപ്രകാരം സംസ്കരിക്കുന്ന തിന് പരിശോധനാ ഫലത്തിനായി കാത്തിരിക്കേണ്ടതില്ല.
- ശേഖരിച്ച സ്രവസാമ്പിളുകളിൽ ആദ്യത്തേത്നാറ്റ് അഥവാ ട്രൂനാറ്റ് പരിശോധനക്ക് സമീപത്തെ പരിശോധനാ കേന്ദ്രത്തിൽ അയയ്ക്കുക. ഈ പരിശോധനാ ഫലം നെഗറ്റീവാണെങ്കിൽ കോവിഡ് മാനദണ്ഡപ്രകാരമല്ലാ തെയും സംസ്കാരം നടത്താൻ അനുവദിക്കാവുതാണ്.
- ട്രൂനാറ്റ് പരിശോധനാ ഫലം പോസിറ്റിവാണെങ്കിൽ രണ്ടാമത്തെ സാമ്പിൾ ആർ.ടി.പി.സി.ആർ പരിശോധനക്കായി ആലപ്പുഴ എൻ.ഐ.വി യിലേക്ക് അയയ്ക്കുക. ഈ ഘട്ടത്തിൽ സംസ്കാരം നടത്തുന്ന പക്ഷം കോവിഡ് മാനദണ്ഡങ്ങൾ ഉറപ്പായും പാലിക്കേണ്ടതാണ്.
- മൂന്നാമത്തെ സാമ്പിൾ ഭാവിയിൽ ആർ.ടി.പി.സി.ആർ പരിശോധനക്കായി സ്ഥാപനത്തിൽ തന്നെ സൂക്ഷിക്കുക
- കോവിഡ് ബാധിച്ച് ചികിത്സയിലിരുന്നയാൾ മരിച്ചാൽ വീണ്ടും കോവിഡ് പരിശോധന നടത്തേണ്ടതില്ല.

## 22. കോവിഡ് ബാധിതരുടെയും രോഗബാധ സംശയിക്കപ്പെടുന്നവരുടെയും മൃതദേഹം സംസ്കരിക്കു മ്പോൾ ശ്രദ്ധിക്കേണ്ടത് എന്തൊക്കെ?

- ശരീരം അണുവിമുക്തമാക്കി സുരക്ഷിതമായി ബോഡിബാഗിലാക്കിയാണ് ആശുപത്രിയിൽ നിന്ന് ബന്ധുക്കൾക്ക് കൈമാറേണ്ടത്. മൃതദേഹം കൊണ്ടുപോയ വാഹനം അണുവിമുക്തമാക്കണം
- ശരീരം കേന്ദ്രസർക്കാരിന്റെ കോവിഡ് മാനദണ്ഡ പ്രകാരമാണ് സംസ്കരിക്കേണ്ടത്. മാനദണ്ഡങ്ങൾ പാലിച്ച് വീട്ടിലോ, ശ്മശാനത്തിലോ സംസ്കരിക്കാവുന്നതാണ്. ആചാരപ്രകാരം ദഹിപ്പിക്കുന്നതും, ആഴത്തിൽ കുഴിയെടുത്തു മറവു ചെയ്യുന്നതും അനുവദനീയമാണ്
- ശരീരം കൈകാര്യം ചെയ്യുന്നവർ സർജിക്കൽ മാസ്ക് (ത്രീ ലയർ), കയ്യുറ എന്നിവ ധരിക്കണം
- ബന്ധുക്കൾ ആവശ്യപ്പെട്ടാൽ ബോഡിബാഗിന്റെ സിപ് തുറന്നു മുഖം മാത്രം കാണാൻ അനുവദിക്കാവുന്നതാണ്
- അന്ത്യചുംബനം, സ്പർശനം തുടങ്ങിയവ കർശനമായും ഒഴിവാക്കണം. വിശുദ്ധഗ്രന്ഥ വായന, മന്ത്രോ ച്ചാരണം, മറ്റ് പ്രാർത്ഥനകൾ ഉൾപ്പെടെയുള്ള ആചാരാനുഷ്ഠാനങ്ങൾ അനുവദനീയമാണ്. ചടങ്ങിൽ മാസ്ക് ധരിക്കുകയും അകലം പാലിക്കുകയും ചെയ്തു കൊണ്ട് പരമാവധി ഇരുപതു പേർക്ക് പങ്കെടുക്കാം;
- ശരീരം മറവുചെയ്യുകയാണെങ്കിൽ കുഴിക്ക് ആറടിമുതൽ പത്തടിവരെ ആഴമുണ്ടായിരിക്കണം. മൃതദേഹത്തിൽനിന്ന് രോഗം പകരില്ലെന്ന് സംസ്കരിക്കുന്നവരെ ബോധവത്കരിക്കണം;
- ശരീരം ദഹിപ്പിച്ച ശേഷം ചിതാഭസ്മം സാധാരണ പോലെ ശേഖരിക്കുന്നതും പൊതുവെയുള്ള ആചാരങ്ങൾ നടത്തുന്നതും അനുവദനീയമാണ്.

29/08/2021

ജില്ലാമെഡിക്കൽഓഫീസർ (ആരോഗ്യം)
കോട്ടയം